"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - 2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിന് പദ്ധതിയേതര (നോൺ പ്ലാൻ) വിഹിതമായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും മൂന്നാം ഗഡു ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.312/2025/SJD തീയതി,തിരുവനന്തപുരം, 28-11-2025

---

പരാമർശം:-

1. 06.06.2025-ലെ സ. ഉ. (സാധാ) നമ്പർ. 135/2025/എസ്.ജെ.ഡി സർക്കാർ ഉത്തരവ്.
2. 23.07.2025-ലെ സ. ഉ. (സാധാ) നമ്പർ. 201/2025/എസ്.ജെ.ഡി സർക്കാർ ഉത്തരവ്
3. സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 21.10.2025-ലെ എസ്.ജെ.ഡി/2036/2025/ഒ.സി.ബി.-1. നമ്പർ കത്ത്.

**ഉത്തരവ്**

2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിന് 2235-02-104-89-31-നോൺ പ്ലാൻ എന്ന ശീർഷകത്തിൽ പദ്ധതീതര വിഹിതമായി 33,14,000/- രൂപ വകയിരുത്തിയിട്ടുണ്ട്. പരാമർശം (1), (2) സർക്കാർ ഉത്തരവുകൾ പ്രകാരം പ്രസ്തുത ശീർഷകത്തിൽ നിന്ന് ആദ്യ ഗഡുവായി 6,62,800/- രൂപയും, രണ്ടാം ഗഡുവായി 15,00,000/- രൂപയും അനുവദിച്ച് കൊണ്ട് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ശീർഷകത്തിൽ നീക്കിയിരിപ്പുള്ള തുകയായ 11,51,200/- രൂപ കൂടി അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് പരാമർശം 3-പ്രകാരം സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിന് 2235-02-104-89-31-നോൺ പ്ലാൻ ശീർഷകത്തിൽ പദ്ധതീതര വിഹിതമായി വകയിരുത്തിയിട്ടുള്ള 33,14,000/- രൂപയിൽ നീക്കിയിരിപ്പുള്ള 11,51,200/- രൂപ (പതിനൊന്ന് ലക്ഷത്തി അൻപത്തി ഒന്നായിരത്തി ഇരുന്നൂറ് രൂപ മാത്രം) ബോർഡിനുള്ള ഈ സാമ്പത്തിക വർഷത്തെ മൂന്നാം ഗഡു ധനസഹായമായി അനുവദിച്ചു കൊണ്ടും പ്രസ്തുത തുക വികാസ്ഭവൻ സബ് ട്രഷറിയിലുള്ള സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് നമ്പർ. 7011214000000004 ലേക്ക് മാറ്റി നിക്ഷേപിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ്ഭവൻ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്, വികാസ്ഭവൻ
തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ (വെൽഫെയർ വിംഗ്) വകുപ്പ് (പ്രസ്തുത വകുപ്പിന്റെ 25.11.2025-ലെ
2287024/ഡബ്ല്യു.ഡബ്ല്യു- ഡബ്ല്യു.ഡബ്ല്യു.2./315/2022/ധന
നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ,
വിവര പൊതുജനസമ്പർക്ക വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Vipin S D
സെക്ഷൻ ഓഫീസർ
Date: 29-11-2025 10:36:36